2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാന റെയിൽ മേഖല

4 (*34) ശ്രീമതി കെ. കെ. ലതിക :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. റ്റി. വി. രാജേഷ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന കാര്യത്തിൽ സംസ്ഥാനത്തെ റെയിൽ മേഖലയുടെ ദുരവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ വികസന മുരടിപ്പ് സംസ്ഥാന റെയിൽ മേഖലയിൽ ഉണ്ടായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) റെയിൽവേ വികസന മേഖലയിൽ രാജ്യത്ത് വിവിധ സംസ്ഥാനങ്ങൾ വൻ മുന്നേറ്റം കാഴ്ചവയ്ക്കുമ്പോൾ സംസ്ഥാനം ഇത്തരത്തിൽ തഴയപ്പെടുന്നതിന് ഉത്തരവാദികൾ ആരാണെന്ന് അറിവുണ്ടോ ; വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ - സി) ഉണ്ട്. ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതും ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച തടസ്സങ്ങൾ, അലൈൻമെന്റ് സംബന്ധിച്ച വിഷയങ്ങൾ, നിർമ്മാണ പ്രവൃത്തികൾക്ക് മണ്ണെടുക്കുന്നതും കൊണ്ടുപോകുന്നതും സംബന്ധിച്ച് പൊതുജനങ്ങളുടെ എതിർപ്പ്, കോടതി വ്യവഹാരങ്ങൾ തുടങ്ങിയവ റെയിൽവേ വികസനത്തെ ബാധിക്കുന്നതായി വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ റെയിൽവേ ആവശ്യങ്ങൾ സമഗ്രമായി വിലയിരുത്തിയ റെയിൽവേയിൽ നിന്നുള്ള സാമ്പത്തികസഹായം പരിമിതമാണെന്ന് കാണുകയും സംസ്ഥാനം ആഗ്രഹിക്കുന്ന രീതിയിലുള്ള വികസനത്തിനായി സംസ്ഥാന സർക്കാരിന്റെകൂടി സാമ്പത്തിക പങ്കാളിത്തം അനിവാര്യമാണെന്ന് കാണുകയും സംസ്ഥാന സർക്കാർ തെരഞ്ഞെടുക്കുന്ന പദ്ധതികൾക്ക് റെയിൽവേയുമായി 49:51 ഓഹരി വിഹിതഘടന പ്രകാരമുള്ള കൂട്ടുസംരംഭങ്ങളിൽ ഏർപ്പെടുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും അത്തരത്തിലുള്ള ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തുകഴിഞ്ഞു. വരുന്ന റെയിൽവേ ബഡ്ജറ്റിൽ ഇതുസംബന്ധിച്ച പ്രഖ്യാപനം പ്രതീക്ഷിക്കുന്നു. കൂടാതെ കേരളത്തിലെ ബഹുമാനപ്പെട്ട എം.പി.-മാരുടെയും മറ്റുബന്ധപ്പെട്ടവരുടെയും യോഗം ചേർന്ന് കൂടിയാലോചിച്ച് സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ എല്ലാ കാര്യങ്ങളും തീരുമാനിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ക്രോഡീകരിച്ച് തയ്യാറാക്കുന്ന റെയിൽവേ പദ്ധതികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം എല്ലാവർഷവും റെയിൽവെ ബഡ്ജറ്റിന് മുമ്പായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് വരുന്ന രീതിയാണ് കൈക്കൊണ്ടുവരുന്നത്. അത്തരത്തിൽ 2016-17-ലെ റെയിൽവെ ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി പുതുക്കിയ മെമ്മോറാണ്ടം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് ഇതിനകം തന്നെ സമർപ്പിച്ചു കഴിഞ്ഞു. റെയിൽവേ സംബന്ധിച്ച സുപ്രധാന ആവശ്യങ്ങൾ അടങ്ങിയ നിവേദനം മുഖ്യമന്ത്രിയും വൈദ്യുതി റെയിൽവെ മന്ത്രിയും കേരള എം.പി-മാരും കൂടി 2015 ഡിസംബർ ആദ്യം പ്രധാനമന്ത്രിയേയും കേന്ദ്രറെയിൽവേ മന്ത്രിയേയും ഡൽഹിയിൽ സന്ദർശിച്ച് പ്രത്യേകം നൽകുകയുണ്ടായി. സംസ്ഥാനത്തിന്റെ റെയിൽവേ വികസന ആവശ്യങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന് റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥന നടത്താൻ മാത്രമേ സാധിക്കുകയുള്ളൂ. ഈ പരിമിതി നിലനിൽക്കുന്നതിനാൽ സംസ്ഥാനത്തിന്റെ റയിൽ വികസന പിന്നോക്കാവസ്ഥയുള്ള കാരണത്തിന്റെ ഉത്തരവാദിത്വം പ്രത്യേകിച്ച് ആരിലും ചുമത്താൻ സാധിക്കുകയില്ല. കേരള ഗവൺമെന്റും കേരളത്തിലെ എം.പി-മാരും പരമാവധി ജാഗ്രത ഇക്കാര്യത്തിൽ പുലർത്തി വരുന്നുണ്ട്.

ആശ്വാസ് പദ്ധതി

5 (*35) ശ്രീ. ജോസഫ് വാഴയ്ക്കൻ:
ശ്രീ. വർക്കല കഹാർ:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) സഹകരണ മേഖലയിൽ കുടിശ്ശിക കുറയ്ക്കുന്നതിന് 2011 മുതൽ ആശ്വാസ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിലൂടെ

LIBRARY ARCHIVES Kerala Legislative Assembly